**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1628 | 22.03.2013 ൽ മറുപടിയ്ക്ക് |
| **നാടോടി സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും സംരക്ഷണം** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീമതി കെ. കെ. ലതിക** | **ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി)** |
| (എ) സുരക്ഷിതമല്ലാത്ത ചുറ്റുപാടുകളിൽ കഴിയുന്ന നാടോടി സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കും സംരക്ഷണം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുക എന്ന് വ്യക്തമാക്കുമോ ? | (എ) രാത്രികാലങ്ങളിൽ കടത്തിണ്ണകളിലും മറ്റ് സുരക്ഷിതമല്ലാത്ത ചുറ്റുപാടുകളിലും കഴിയേണ്ടി വരുന്ന നാടോടികളും അല്ലാത്തവരുമായ സ്ത്രീകളെയും കുഞ്ഞുങ്ങളെയും നിലവിൽ സാമൂഹ്യനീതി വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ എത്തിച്ച് താൽക്കാലിക സുരക്ഷ ഉറപ്പാക്കുന്നുണ്ട്. അങ്ങനെ സ്ഥാപനങ്ങളിൽ എത്തിപ്പെടുന്നവരുടെ വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം തുടങ്ങിയ ആവശ്യങ്ങൾ സർക്കാർ നിറവേറ്റി വരുന്നു. കൂടാതെ അന്യ സംസ്ഥാനത്ത് നിന്ന് എത്തുന്നവരെ അവരുടെ സ്ഥലം കണ്ടെത്തി പുനരധിവസിപ്പിക്കുവാൻ ശ്രമിക്കുന്നുണ്ട്. അടുത്തിടെ മലപ്പുറം ജില്ലയിൽ തിരൂരിൽ ഒരു നാടോടി ബാലിക അതിക്രമത്തിനിരയായ സംഭവത്തെത്തുടർന്ന് ഇപ്രകാരമുള്ളവർക്ക് സുരക്ഷയും പുനരധിവാസവും ഉറപ്പാക്കുന്നതിനായി 'എന്റെ കൂട്' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

൮